IV

# പരിസരപഠനം-വർക്ക്ഷീറ്റ്

പ്രിയ അധ്യാപകരെ, രക്ഷിതാക്കളെ, വിദ്യാർത്ഥികളെ.....,

ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും ഉദ്ഗ്രഥിത സമീപനമായും മൂന്നാം ക്ലാസ്സിൽ നിന്നും പ്രത്യേക പാഠപുസ്തകങ്ങളുടെ സഹായത്തോടെയും ആരംഭിക്കുന്ന ശാസ്ത്ര സാമൂഹ്യപാഠങ്ങൾ, ഉയർന്ന ക്ലാസ്സുകളിൽ ചെല്ലുമ്പോൾ സങ്കീർണ്ണത സൃഷ്ടിക്കുന്ന ഒരു വിഷയമായി മാറിക്കഴിഞ്ഞു. പ്രത്യേകിച്ച് സാമൂഹ്യപാഠം. പത്താം തരത്തിൽ സാമൂഹ്യപാഠത്തിന് തോൽക്കുകയോ പ്രതീക്ഷിക്കാത്ത ഗ്രേഡ് കിട്ടാതെ വരികയും ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടി വരുന്നത് അധ്യാപകരിലും രക്ഷിതാക്കളിലും ആശങ്കയുണ്ടാക്കുന്നുണ്ട്. സാമൂഹ്യപാഠം, പരിസരപഠനം ഇവയൊക്കെ അപ്രസക്തമായ വിഷയങ്ങളായി കാണുന്ന ഒരു സാഹചര്യം ഉണ്ടായാൽ അത് നാടിനു തന്നെ ആപത്താണ്. ചരിത്രബോധവും സാമൂഹ്യബോധവുമുള്ള ഒരു വിദ്യാർത്ഥിയ്ക്ക് മാത്രമേ നല്ല രാജ്യസ്നേഹമുണ്ടാവൂ. നല്ല ദേശസ്നേഹമുണ്ടാവൂ. അതുകൊണ്ട് പ്രൈമറിക്ലാസ്സുകളിൽ തന്നെ രാഷ്ട്രബോധമുള്ള ...സാമൂഹ്യബോധമുള്ള ഒരു വ്യക്തിയായി ഓരോ വിദ്യാർത്ഥിയും മാറണം. ചരിത്രമറിഞ്ഞ് അവർ വളരുകയും പഠിക്കുകയും വേണം.

പഠനപ്രവർത്തനങ്ങൾ കുറച്ചുകൂടി ലളിതവും കുട്ടിയുടെ ബഹുമുഖ ബുദ്ധിയെ കണക്കിലെടുത്തും അവന് പഠനപ്രവർത്തനങ്ങൾക്ക് ഒരു കൈത്താങ്ങായി മാറുന്നതിനും വേണ്ടിയാണ് നാലാം തരത്തിലെ പരിസരപഠനം പാഠപുസ്തകവും ടീച്ചർടെക്സ്റ്റും മറ്റ് റഫറൻസ് പുസ്തകങ്ങളും സൂക്ഷ്മമായി പരിശോധിച്ച് ഈ വർക്ക് ഷീറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ഈ വർക്ക്ഷീറ്റുകൾ ഒരു ഗൈഡായല്ല ഉപയോഗിക്കേണ്ടത്. പകരം കുട്ടിയുടെ ചിന്താ പ്രക്രിയയിൽ ഒരു വെല്ലുവിളിയായി മാറുന്ന വിധത്തിൽ ഈ വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തുക.അവന് സ്വയം കണ്ടെത്താനും ചെയ്യുന്നതിനും അവസരമൊരുക്കുക. ടീച്ചേഴ്സ് ക്ലബ്ബിന്റെ അനുവാദമില്ലാതെ ഈ വർക്ക് ഷീറ്റിന്റെ കോപ്പികൾ ഉപയോഗിക്കരുത്.

വിശ്വസ്തതയോടെ,

ടി.ടി. പൗലോസ്
കോ- ഓർഡിനേറ്റർ
റിസോഴ്സ് ടീം
ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി, ഫോൺ : 9446762687, 0484 2688373
E-mail: resourceteamklcy@gmail.com

# പരിസരപഠനം— IV വർക്ക്ഷീറ്റ് 1, 1-1

**പഠനനേട്ടം :** **ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ, കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.**

**എനിക്ക് പരിചയമുള്ള ജീവികൾ**

(1)............................................ (2)............................................ (3)............................................ (4)............................................

(5)............................................ 6)............................................ (7)............................................ 8)............................................

(9)............................................ (10)............................................ (11)............................................ (12)............................................

ഈ ജീവികളിൽ

| കരയിൽ ജീവിക്കുന്നവ | ജലത്തിൽ ജീവിക്കുന്നവ | കരയിലും ജലത്തിലും ജീവിക്കുന്നവ |
|---|---|---|
| ................................................................ | ................................................................ | ................................................................ |
| ................................................................ | ................................................................ | ................................................................ |
| ................................................................ | ................................................................ | ................................................................ |

ഞാൻ ആദ്യമായി കേട്ട് മനസ്സിലാക്കിയ ജീവികൾ :..............................................................................................................................

..............................................................................................................................................................................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം– IV വർക്ക്ഷീറ്റ് 2, 1-2

**പഠനനേട്ടം :** **ജലജീവികളുടെ ശാരീരിക സവിശേഷതകൾ ജലജീവിതത്തിന് എങ്ങനെ അനുയോജ്യമാണെന്ന് കണ്ടെത്തി വിശദീകരിക്കുന്നു.**

**ജലത്തിൽ മാത്രം ജീവിക്കുന്ന ജീവികളുടെ പേരെഴുതുക.**

(1)............................................ (2)............................................ (3)........................................... (4)...............................................

(5)............................................ (6)........................................... (7)............................................ (8)...............................................

**മീനിന്റെ ശാരീരിക സവിശേഷത എന്തൊക്കെ ?**

(1) ജലത്തിൽ തുഴയുന്നതിന് അനുയോജ്യമായ ചിറകുകൾ

(2) വെള്ളത്തിൽ തെന്നി നീങ്ങാൻ സഹായിക്കുന്ന വഴുവഴുപ്പുള്ള ശരീരം

(3) ................................................................................................................................................................

(4) ................................................................................................................................................................

(5) ................................................................................................................................................................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 3, 1-3

**പഠനനേട്ടം : കരയിലും ജലത്തിലും ജീവിക്കുന്ന ജീവികളെ പട്ടികപ്പെടുത്തുന്നു.**

കരയിൽ മാത്രം ജീവിക്കുന്ന ജീവികളായ ആന, കുതിര, പശു, പട്ടി ഈ ജീവികളുടെ ശാരീരിക സവിശേഷത

(1) വേഗത്തിൽ സഞ്ചരിക്കാൻ കഴിയും ..............................

(2) ..............................

(3) ..............................

(4) ..............................

കരയിലും ജലത്തിലും ജീവിക്കുന്ന ജീവികളുടെ ശാരീരിക സവിശേഷത

(1) ജലത്തിലൂടെയും കരയിലൂടെയും സഞ്ചരിക്കാൻ കഴിയുന്ന വിധത്തിലുള്ള ശരീരഘടന

(2) ..............................

(3) ..............................

(4) ..............................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 4, 1-4

**പഠനനേട്ടം : ജലസസ്യങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു.**

ജലസസ്യങ്ങളായ ആമ്പൽ, താമര, എന്നിവയുടെ പ്രത്യേകതകൾ

* വെള്ളത്തിലാണെങ്കിലും ചീഞ്ഞുപോകുന്നില്ല.
* തണ്ടിലും ഇലയിലും വായു അറകൾ.
* ഇലകൾ ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്നു.
* ഇലയിൽ മെഴുകുപോലുള്ള ആവരണം.

ആമ്പൽ, താമര എന്നിവയല്ലാതെ എനിക്ക് പരിചയമുള്ള ജലസസ്യങ്ങൾ

....................................................................................................................................................................................................................

ഒരു വാഴ പൂർണ്ണമായും ജലത്തിൽ മുങ്ങിക്കിടന്നാൽ ചീഞ്ഞുപോകും. എന്തുകൊണ്ട്?

....................................................................................................................................................................................................................

....................................................................................................................................................................................................................

....................................................................................................................................................................................................................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 5, 1-5

**പഠനനേട്ടം : ഓരോ ജീവികൾക്കും അവയുടെ ജീവൻ നിലനിർത്താനാവശ്യമായ ശരീരഘടന ഉണ്ടെന്ന് തിരിച്ചറിയുന്നതിന്.**

വെള്ളത്തിലും കരയിലുമായി ജീവിതചക്രം പൂർത്തിയാക്കുന്ന ജീവികളാണ് ഉഭയജീവികൾ.
ഓരോ ജീവിക്കും അത് ജീവിക്കുന്ന പരിസരത്തിന് അനുയോജ്യമായ ജീവിതസാഹചര്യങ്ങൾക്ക് അനുകൂലനങ്ങൾ എന്ന് പറയും.

| ജീവികൾ | അനുകൂലനങ്ങൾ |
|---|---|
| താറാവ് | എണ്ണമയമുള്ള തൂവലുകൾ, വെള്ളത്തിൽ നിന്നും ഇര തേടാൻ കഴിയുന്ന കൊക്കുകൾ, ചർമബന്ധിതമായ വിരലുകൾ |
| പരുന്ത് | കൂർത്ത നഖം, മൂർച്ചയുള്ള ചുണ്ടുകൾ, നല്ല കാഴ്ചശക്തി |
| കാക്ക | ........................................................................................................ |
| ......................... | ........................................................................................................ |

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**


# പരിസരപഠനം- IV വർക്ക്ഷീറ്റ് 6, 1-6

**പഠനനേട്ടം : ജീവികളുടെ പരസ്പരബന്ധം കണ്ടെത്തി പ്രസ്താവിക്കുന്നു.**

ജീവികൾ : പരുന്ത്, കൊക്ക്, ആന, മനുഷ്യൻ ..........................................................................................

അജീവിയഘടകങ്ങൾ : വായു, സൂര്യപ്രകാശം ..........................................................................................

..........................................................................................................................................




സസ്യങ്ങളുടെ നിലനിൽപ്പിന് ജീവനില്ലാത്ത എന്തൊക്കെ ഘടകങ്ങളാണ് ആവശ്യം?

..........................................................................................................................................

..........................................................................................................................................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**


# പരിസരപഠനം- IV വർക്ക്ഷീറ്റ് 7, 1-7

**പഠനനേട്ടം : ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണസഹിതം വിശദീകരിക്കുന്നു.**

ഒരു ആവാസവ്യവസ്ഥയിൽ ജീവീയഘടകങ്ങളും അജീവിയഘടകങ്ങളും പരസ്പരം ആശ്രയിക്കുന്നു. ഏതെങ്കിലും ഒരു ഘടകത്തിന്റെ നാശം മറ്റുള്ളവയ്ക്ക് ദോഷകരമായി ബാധിക്കും.

നമ്മുടെ നാട്ടിലെ കുന്നുകൾ ഇടിക്കുന്നതും വയലുകൾ നികത്തുന്നതും നമ്മുടെ നിലനിൽപ്പിനെ ബാധിക്കുമോ? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി രേഖപ്പെടുത്തുക.

## ആശയഭൂപടം




ഈ ആശയഭൂപടത്തിന്റെ സഹായത്തോടെ നോട്ടുബുക്കിൽ കുറിപ്പ് തയ്യാറാക്കുക.

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 8, 1-8

**പഠനനേട്ടം : പോസ്റ്റർ നിർമ്മാണം, പത്രവാർത്ത തയ്യാറാക്കൽ എന്നീ വ്യവഹാരരൂപങ്ങൾ പരിചയപ്പെടൽ**

## പോസ്റ്റർ നിർമ്മാണം
## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

* പോസ്റ്റർ നിർമ്മാണത്തിന് നൽകിയ വിഷയവുമായി ബന്ധമുണ്ടാവണം.
* പോസ്റ്ററിൽ നൽകിയിട്ടുള്ള സന്ദേശങ്ങൽ നൽകിയിരിക്കുന്ന വിഷയത്തിന് യോജിച്ചതാവണം.
* ലളിതവും ആകർഷകവുമാവണം.
* പോസ്റ്റർ വായിക്കുന്ന വ്യക്തിക്ക് വേഗത്തിൽ ആശയം ഗ്രഹിക്കുന്ന തരത്തിൽ തയ്യാറാക്കണം.
* ആശയത്തിന് യോജിക്കുന്ന ചിത്രങ്ങൾ വരച്ചു ചേർക്കണം.

## പത്രവാർത്ത തയ്യാറാക്കൽ
## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ


* വാർത്തയ്ക്ക് ആവശ്യമായ ഒരു സംഭവം വേണം
* നടന്ന സ്ഥലം, തീയതി
* ലളിതമായ വാക്കുകൾ
* വേഗത്തിൽ കാര്യം മനസ്സിലാക്കുന്നതിനുള്ള തലക്കെട്ട്
* ..........................................................................
* ..........................................................................
* ..........................................................................
* ..........................................................................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 9, 1-9

പഠനനേട്ടം : ജീവനുള്ള ഘടകങ്ങളും ജീവനില്ലാത്ത ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണസഹിതം വിശദീകരിക്കുന്നതിന്

**ആശയഭൂപടം**




ഈ ആശയഭൂപടത്തെ ഉപയോഗിച്ച് കുട്ടി പുതിയ അറിവുകൾ രൂപപ്പെടുത്തണം. അവ നോട്ടു ബുക്കിൽ രേഖപ്പെടുത്തുക.

---

# പരിസരപഠനം- IV വർക്ക്ഷീറ്റ് 10, 1-10

**പഠനനേട്ടം : തന്റെ പ്രദേശത്തെ ആവാസവ്യവസ്ഥകളെ കണ്ടെത്തി പറയുന്നു.**

ആവാസവ്യവസ്ഥ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി കുട്ടികളെ സ്കൂളിന്റെ പരിസരത്ത് കൃഷിചെയ്തിട്ടുള്ള (എപ്പോഴെങ്കിലും) സ്ഥലത്ത് കൊണ്ടുപോകുന്നു. നിർബന്ധമായും ഹാൻഡ്ലെൻസ് കൈവശം ഉണ്ടാവണം. തുടർന്ന് നിരീക്ഷിക്കുന്നു.ഹാൻഡ്ലെൻസ് ഉപയോഗിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തുന്നു.

കണ്ട കാര്യങ്ങൾ ലിസ്റ്റു ചെയ്യുന്നു.....

| എന്റെ സ്കൂൾ പരിസരത്തുകണ്ട ജീവീയ, അജീവിയ ഘടകങ്ങൾ | വയലിലെ (നെൽപ്പാടത്തെ) ജീവീയ, അജീവിയ ഘടകങ്ങൾ | വനത്തിനുള്ളിലെ ജീവീയ, അജീവിയ ഘടകങ്ങൾ |
|---|---|---|
| ........................................................................ | ........................................................................ | ........................................................................ |
| ........................................................................ | ........................................................................ | ........................................................................ |
| ........................................................................ | ........................................................................ | ........................................................................ |
| ........................................................................ | ........................................................................ | ........................................................................ |

വനങ്ങൾ നശിപ്പിച്ച് , കുന്നുകളായ കുന്നുകളൊക്കെ ഇടിച്ചു നിരത്തി, വയലുകളൊക്ക മണ്ണിട്ടുനികത്തി, വലിയ വികസനപ്രവർത്തനങ്ങൾ നടത്തുന്നു.... ഇതേക്കുറിച്ച് നിങ്ങളുടെ അഭിപ്രായം നോട്ടുബുക്കിൽ എഴുതുക.

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 11, 1-11

**പഠനനേട്ടം : സ്വാഭാവിക വാസസ്ഥലങ്ങൾ തകർക്കുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തി പ്രസ്താവിക്കുന്നു.**

**കുന്നത്തുനാട്ടിലെ കുന്നുകൾ ഇല്ലാതായി**

**മണ്ണെടുക്കുന്നതിനെതിരെ ജനകീയ കൂട്ടായ്മ**

**ജലക്ഷാമം രൂക്ഷം : നാട്ടുകാർ റോഡ് ഉപരോധിച്ചു**

**മണൽ മാഫിയയുടെ ആക്രമണം എസ്.ഐ. അത്ഭുതകരമായ് രക്ഷപെട്ടു**

**ജലനിരപ്പ് ക്രമാതീതമായി താഴുന്നു, സ്ഥിതി ആശങ്കാജനകം**

ഈ അടുത്തിടെ നമ്മുടെ നാട്ടിലെ പത്രമാധ്യമങ്ങളിൽ വന്ന വാർത്തകളുടെ തലക്കെട്ടുകളാണിത്.
ഈ വാർത്തകൾ നൽകുന്ന മുന്നറിയിപ്പ് കാണാതെ പോകുന്നത് അപകടമല്ലേ? നിങ്ങളുടെ അഭിപ്രായം പങ്കുവെയ്ക്കൂ.......

.............................................................................................................................................

.............................................................................................................................................

.............................................................................................................................................

.............................................................................................................................................

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 12, 1-12

**പഠനനേട്ടം : ജീവീയഘടകങ്ങളും അജീവിയ ഘടകങ്ങളും തമ്മിലുള്ള പരസ്പരാശ്രയത്വം മനസ്സിലാക്കുക.**

**അധിക വിവരം**

ജീവീയഘടകങ്ങളും അജീവിയഘടകങ്ങളും തമ്മിലുള്ള പരസ്പരാശ്രയത്വം കൂടുതൽ വ്യക്തമാക്കുന്നതിന് ചില സൂചനകൾ.

| | | | | | | |
|---|---|---|---|---|---|---|
| **ഗുണമേന്മയുള്ള മേൽമണ്ണ്** | → | **ജലാംശം മേൽമണ്ണിന്റെ തനിമ നിലനിർത്തുന്നു** | → | **പാറപൊടിഞ്ഞ് മണ്ണുണ്ടാകുന്നു** | → | **ജലാംശം, വായുപ്രകാശം എന്നിവ മണ്ണിലെ ജീവികളുടെ നിലനിൽപ്പിന് ആവശ്യമാണ്.** |
| **ചിതൽ, മണ്ണിര, ഉറുമ്പ്തുടങ്ങിയ ജീവികളും സൂക്ഷ്മജീവികളും ജൈവഘടകങ്ങളെ മേൽമണ്ണിൽ ലയിപ്പിക്കുന്നു.** | → | **വായു മേൽമണ്ണിനെ ഗുണ മേന്മയുള്ളതാക്കുന്നു** | → | **സസ്യങ്ങളുടെ വളർച്ചയ്ക്ക് മണ്ണിൽ വായു, ജലാംശം എന്നിവ ആവശ്യമാണ്** | → | **വായു, ജലം എന്നിവ വഴി വിത്തുവിതരണം നടക്കുന്നുണ്ട്** |

| | | | | |
|---|---|---|---|---|
| **സസ്യങ്ങളുടെ വിത്തുവിതരണത്തിന് ജന്തുക്കൾ സഹായിക്കുന്നു** | → | **സസ്യവൈവിധ്യം ജന്തുവൈവിധ്യത്തിന് ആവശ്യമാണ്** | → | **ഗുണമേന്മയുള്ള മേൽമണ്ണിൽ സസ്യങ്ങൾ നന്നായി വളരുന്നു.** |
| **സസ്യങ്ങൾ നന്നായി വളരുന്ന മണ്ണിൽ ജൈവാവശിഷ്ടങ്ങൾ കൂടുതലാണ്** | → | **പാറപൊടിഞ്ഞ് മണ്ണുണ്ടാവുന്നതിന് സസ്യങ്ങൾ സഹായിക്കുന്നു** | → | **വായു, ജലം എന്നിവ പാറപൊടിയുന്നതിന് കാരണമാകുന്നു** |

ഈ സൂചനകൾ ചർച്ചയ്ക്കുള്ളതാണ്. ഓരോ സൂചനകളുപയോഗിച്ച് ജീവീയ, അജീവിയ ഘടകങ്ങളുടെ പരസ്പരാശ്രയത്വം ചർച്ചചെയ്യണം.

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

# പരിസരപഠനം- IV വർക്ക്ഷീറ്റ് 13, 1-13

**പഠനനേട്ടം : കാഴ്ചയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ, ഭക്ഷണരീതിയും കാഴ്ചയും തമ്മിലുള്ള ബന്ധം തിരിച്ചറിയൽ**

**അധികപ്രവർത്തനം**

നാട്ടിലും വനത്തിലും താമസിക്കുന്ന മൃഗങ്ങളുടെ പേര് പട്ടികയാക്കുക.ഇവയെ സസ്യഭുക്ക്,മാംസഭുക്ക് , മിശ്രഭുക്ക് എന്നിങ്ങനെ മൂന്നായി തിരിക്കുക. തുടർന്ന് ഈ ജീവികളുടെ കണ്ണുകളുടെ സ്ഥാനവും അവയുടെ ഭക്ഷണരീതിയും എന്തെന്ന് അന്വേഷിച്ച് കണ്ടെത്തുക.

ഉദാഹരണം

| ജീവിയുടെ പേര് | സസ്യഭുക്ക് | മാംസഭുക്ക് | മിശ്രഭുക്ക് | കണ്ണുകളുടെ സ്ഥാനവും |
|---|---|---|---|---|
| പൂച്ച | | | | മുഖത്തിന് മുൻവശം |
| സിംഹം | | | | മുഖത്തിന് മുൻവശം |
| പശു | | | | മുഖത്തിന്റെ ഇരുവശങ്ങളിലും |
| മാൻ | | | | മുഖത്തിന്റെ ഇരുവശങ്ങളിലും |
| ................ | | | | ....................................................... |

ഇങ്ങനെ പരമാവധി മൃഗങ്ങളെ പഠനവിധേയമാക്കുക. കണ്ടെത്തൽ നോട്ട് ബുക്കിൽ രേഖപ്പെടുത്തുക.

**കുറിപ്പ് :** രണ്ടുതരം കാഴ്ചകളുണ്ട്. മനുഷ്യൻ, മൂങ്ങ, കുരങ്ങ്, തുടങ്ങിയ ജീവികളുടെ കണ്ണുകൾ രണ്ടും തലയുടെ മുന്നിലാണ്. രണ്ട് കണ്ണുകൾകൊണ്ടും ഒരു വസ്തുവിനെ ഒരേ സമയം കാണുന്ന കാഴ്ചയെ ബൈനോക്കുലർ കാഴ്ച എന്നു പറയും. അതേ സമയം കോഴി, മുയൽ, പശു എന്നിവ ഓരോ വശവും ഓരോ കണ്ണുകൊണ്ടാണ് കാണുക. ഇത് മോണോക്കുലർ കാഴ്ച. ബൈനോക്കുലർ കാഴ്ചയിൽ വസ്തുക്കളുടെ നീളം, വീതി, ഉയരം, ആഴം, എന്നിവ സംബന്ധിച്ച് കൂടുതൽ നല്ല ചിത്രം കിട്ടും. ഒരു കണ്ണടച്ച് പിടിച്ച് പേനയ്ക്ക് ടോപ്പിടാൻ ഒരു ശ്രമം ക്ലാസ്സിൽ കുട്ടികളേക്കൊണ്ട് ചെയ്യിക്കുമ്പോൾ സംഗതി വ്യക്തമാവും.

**തയ്യാറാക്കിയത് : റിസോഴ്സ് ടീം.ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി. 9446762687**

റഫറൻസ് :
യുറീക്ക പ്രകാശപ്പതിപ്പ് 2015